പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2546 01.04.2013-ൽ മറുപടിക്ക്.

ആർ.എസ്.ബി.വൈ, ആം ആദ്മി എന്നീ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ

ചോദ്യം
ശ്രീ. വി. ശശി:

മറുപടി
ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) ആർ.എസ്.ബി.വൈ, ആം ആദ്മി എന്നീ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും ഇവ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള സംവിധാനവും നടപടിക്രമവും എന്താണെന്നും വ്യക്തമാക്കുമോ;

(എ) ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് 30,000 രൂപയുടെ സൗജന്യ ചികിത്സ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ, സഹകരണ, സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭിക്കും. കുടുംബനാഥനും ഭാര്യയും കൂടാതെ ആശ്രിതരായ 3 പേർക്കുമാണ് ചികിത്സ ലഭിക്കുന്നത്. ഇതിനായി ബി.പി.എൽ കുടുംബങ്ങൾക്ക് 30 രൂപ ഈടാക്കി സ്മാർട്ട് കാർഡ് നൽകുന്നു. ഈ കുടുംബങ്ങളുടെ പ്രീമിയം സർക്കാരാണ് വഹിക്കുന്നത്.

ആം ആദ്മി ബീമാ യോജന പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ 5 സെന്റോ അതിൽ താഴെയോ ഭൂമി സ്വന്തമായുള്ളവരും ഭൂരഹിതരുമായ കുടുംബങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുന്നത്. അപേക്ഷകർ 59 വയസ്സിൽ താഴെ പ്രായമുള്ളവർ ആയിരിക്കണം. അപേക്ഷകന്റെ സ്വാഭാവിക മരണത്തിന് 30,000 രൂപയും അപകട മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവയ്ക്ക് 70,000 രൂപയും ഭാഗികമായ അംഗവൈകല്യത്തിന് 37500 രൂപ, 9 മുതൽ 12-ാം തരം വരെ പഠിയ്ക്കുന്ന കുട്ടികൾക്ക് പ്രതിമാസം 100 രൂപ സ്കോളർഷിപ്പ് എന്നിവയാണ് ആനുകൂല്യങ്ങൾ. ഒരു കുടുംബത്തിലെ 2 കുട്ടികൾക്കാണ് സ്കോളർഷിപ്പ്.

| | |
|---|---|
| (ബി) നിലവിലുള്ള നടപടിക്രമങ്ങളിലെ വീഴ്ചകൾ കാരണം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) ഈ പദ്ധതികൾക്കായി 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിലായി കേന്ദ്രസർക്കാർ ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വിവിധ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | ആർ.എസ്.ബി.വൈ | | | | ആം ആദ്മി ബീമാ യോജന | | |
|---|---|---|---|---|---|---|---|
| | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| 1 | 2010-11 | 42 കോടി | 42 കോടി | 11.79 ലക്ഷം | 3.05 കോടി | 68.14 ലക്ഷം | 392897 |
| 2 | 2011-12 | 67.91 കോടി | 67.91 കോടി | 11.79 ലക്ഷം | 64.57 ലക്ഷം | 4.23 കോടി | 381920 |
| 3 | 2012-13 | 126.81 കോടി | 126.81 കോടി | 20.29 ലക്ഷം | 3.69 കോടി | 3.37 കോടി | 657353 |

സെക്ഷൻ ഓഫീസർ